# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വരവൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്. എ .ടി. എസ്.ആർ(പി.15)872/21.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 02/07/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരവൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്. എ .ടി. എസ്.ആർ(പി.15)872/21. തീയ്യതി: 02/07/2021

## തൃശ്ശൂർ ജില്ലയിലെ വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-03-2020 മുതൽ 16-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 29-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 29-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ.റാംമനോഹർ.വി.കെ.ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) (17.06.21 മുതൽ 18.06.21 വരെയും 23.06.2021 മുതൽ 29.06.21 വരെ)

2) ശ്രീമതി.സുധ.ഒ.എൻ. അസി.ഓഡിറ്റ് ഓഫീസർ (17.06.21 മുതൽ 18.06.21

വരെയും 23.06.2021 മുതൽ 29.06.21 വരെ)

3) ശ്രീ.സുനിൽ.പി.ബി.അസി.ഓഡിറ്റ് ഓഫീസർ (17.06.21 മുതൽ 18.06.21 വരെയും 23.06.2021 മുതൽ 29.06.21 വരെ)

4) ശ്രീ.മുഹമ്മദ് ഹിഷാം.എം. സീനിയർ ഗ്രേഡ് ഓഡിറ്റർ (23.06.2021 മുതൽ 29.06.21 വരെ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സി.വിജയലക്ഷ്മി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.രാജേശ്വരി | സെക്രട്ടറി | 01-04-2019 | 12-07-2019 |
| മെറ്റി മേരി ജോസഫ് | സെക്രട്ടറി (ഇൻ ചാർജ്ജ്) | 13-07-2019 | 18-07-2019 |
| മിനി.വി | സെക്രട്ടറി | 19-07-2019 | 31-03-2020 |
| മെറ്റി മേരി ജോസഫ് | അസി. സെക്രട്ടറി | 01-04-2019 | 22-06-2019 |
| ഗോപി.ടി.എസ്. | അസി. സെക്രട്ടറി | 23-06-2019 | 31-03-2020 |
| ആശാമോൾ.പി.പി. | കൃഷി ഓഫീസർ | 01-04-2019 | 03-10-2019 |
| അർച്ചന വിശ്വനാഥ് | കൃഷി ഓഫീസർ | 04-10-2019 | 20-11-2019 |
| അനു മേരി മാർക്കോസ് | കൃഷി ഓഫീസർ | 21-11-2019 | 16-01-2020 |
| വിജിത. എ).വി. | കൃഷി ഓഫീസർ | 17-01-2020 | 31-03-2020 |
| ശ്രീന എസ്.എൻ. | അസി. എൻജിനീയർ | 01-04-2019 | 02-09-2019 |
| അജി ഫ്രാൻസിസ് | അസി. എൻജിനീയർ | 03-09-2019 | 31-03-2020 |
| ഡോ.സാജിത | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ജിഷ ജേക്കബ്ബ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.നിസമോൾ.വി.എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.രമ്യ ജോർജ്ജ് | മെഡിക്കൽ ഓഫീസർ (PHC) | 01-04-2019 | 31-03-2020 |
| റോണി.എം.വി | വി.ഇ.ഓ. തളി സർക്കിൾ | 01-04-2019 | 03-04-2019 |
| ധന്യ.സി. | വി.ഇ.ഓ. തളി സർക്കിൾ | 04-04-2019 | 31-03-2020 |
| മിനി.വി.എൻ. | വി.ഇ.ഓ. വരവൂർ | 01-04-2019 | 03-04-2019 |
| പ്രജിത.സി.ബി. | വി.ഇ.ഓ. വരവൂർ | 26-06-2019 | 31-03-2020 |
| ബീന.എം.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 18-09-2019 |
| സുസ്മിത.കെ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-09-2019 | 31-03-2020 |
| കോമളവല്ലി. എ.സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| പ്രസാദ്.എം.ബി | എച്ച്.എം. എൽ.പി.സ്ക്കുൾ | 01-04-2019 | 31-03-2020 |
| ധന്യ.സി. | വി.ഇ.ഓ. വരവൂർ | 04-04-2019 | 25-06-2019 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 01-07-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-5 |
| 8 | തൊഴിലുറപ്പുപദ്ധതി<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-6 |
| 9 | ക്ഷേമപെൻഷനുകൾ<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-10 |
| 13 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-11 |
| 14 | അടിസ്ഥാന അനുപാതങ്ങള്<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-11-1 |
| 15 | വസ്തു നികുതി<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-11-2 |
| 16 | ജേണൽ ബുക്ക് തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല | 1-11-3 |

| | | |
|---|---|---|
| | Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | |
| 17 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-11-4 |
| 18 | 280000000-Prior Period Item - അംഗീകരിക്കപ്പെട്ട വൌച്ചറുകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-11-5 |
| 19 | ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ ഇല്ല<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-11-6 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-11-7 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-11-8 |
| 22 | ഡിപ്രീസിയേഷൻ - വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 01-07-2021) | 1-11-9 |
| 23 | ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-11-10 |
| 24 | തൊഴിലുറപ്പ്പദ്ധതി-കണക്കുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 30-06-2021) | 1-11-11 |
| 25 | ബാങ്കിൽ നിക്ഷേപിച്ചിട്ട് വർഷങ്ങളായിട്ടും ചെക്ക് ക്യാഷ് ചെയ്യ്തിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-11-12 |
| 26 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റെസീപ്റ്റ്സ് ആന്റ് പേയ്മെന്റ് പത്രിക തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-11-13 |
| 27 | ഉത്ഭവസ്ഥാനത്തു തന്നെ കുറവു വരുത്തിയ തുക വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 29-06-2021) | 1-11-14 |
| 28 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Muhammed Hisham (Auditor, On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-12 |
| 29 | അനധികൃത നിർമാണം -3 ഇരട്ടി വസ്തുനികുതി ഈടാക്കേണ്ടതാണ്.<br>Written By: Muhammed Hisham (Auditor, On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-13 |
| 30 | ടെണ്ടർ ഫോറത്തിന്റെ വില-ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-14 |

| | | |
|---|---|---|
| | Written By: Muhammed Hisham (Auditor, On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | |
| 31 | അസറ്റ് മാനേജ്മെന്റ് മാനുൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-15 |
| 32 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2021) | 1-16 |
| 33 | മരാമത്ത് പണികൾ--പിഡബ്ള്യുഡി മാനുൽ വ്യവസ്ഥകൾ-പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 30-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2021) | 1-17 |
| 34 | വിവിധ അംഗനവാടികളുടെ മെയിന്റനൻസ് - പുതുക്കിയ സാങ്കേതിക അനുമതി നേടാതെ തുക അനുവദിച്ചത് ക്രമവിരുദ്ധം.<br>Written By: Ram Manohar V.K (Audit Officer (HG), On 30-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2021) | 1-18 |
| 35 | ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക നിക്ഷേപിച്ചത് --- തുടർ വിവരം ലഭ്യമാക്കണം.<br>Written By: Ram Manohar V.K (Audit Officer (HG), On 30-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2021) | 1-19 |
| 36 | കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് --- തുടർ വിവരം ലഭ്യമാക്കണം.<br>Written By: Ram Manohar V.K (Audit Officer (HG), On 30-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2021) | 1-20 |
| 37 | കളിത്തട്ട് പദ്ധതി - കായിക പരിശീലന പദ്ധതിയിൽ പദ്ധതി മാർഗ്ഗരേഖകളുടെ ലംഘനം<br>Written By: Sudha.E.N (Asst. Audit Officer, On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-21 |
| 38 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 29-06-2021)<br>Last Updated By: Sudha.E.N (Asst. Audit Officer, On 29-06-2021) | 1-22 |
| 39 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം നടപ്പാക്കിയ പദ്ധതിയിൽ തുക അടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും പ്രിന്റർ നാളിതുവരെ ലഭ്യമായിട്ടില്ല<br>Written By: Sudha.E.N (Asst. Audit Officer, On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-23 |
| 40 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റി രൂപീകരണം-വാർഷിക കണക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.<br>Written By: Sudha.E.N (Asst. Audit Officer, On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-24 |
| 41 | നിർവ്വഹണ ഏജൻസികളിൽ തുക അടവാക്കിയതിന്റെ കൈപ്പറ്റു രശീതിയും, വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-25 |

| | | |
|---|---|---|
| 42 | പിലക്കാട് രാമൻചിറ മിച്ചഭൂമി കുടിവെള്ളപദ്ധതി ലക്ഷ്യം നേടാത്തത് സംബന്ധിച്ച്<br>Written By: Ram Manohar V.K (Audit Officer (HG), On 30-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2021) | 1-26 |
| 43 | പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ്-സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-27 |
| 44 | തെരുവു വിളക്കുകൾക്ക് വൈദ്യൂതി ചാർജ്ജ്-സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.<br>Written By: Sunil.P.B (Asst. Audit Officer, On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 1-28 |
| 45 | GST Compensation ഇനത്തിൽ തുക അനുവദിച്ചു നൽകിയത് ക്രമത്തിലല്ല<br>Written By: Ram Manohar V.K (Audit Officer (HG), On 30-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2021) | 1-29 |
| 46 | ടെണ്ടർ കിഴിവ് വരുത്താതെ ഫൈനൽ ബിൽ അനുവദിച്ചു - അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 30-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2021) | 1-30 |
| 47 | ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത് - ക്രമവിരുദ്ധം.<br>Written By: Ram Manohar V.K (Audit Officer (HG), On 30-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2021) | 1-31 |
| 48 | ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 30-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2021) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ടെണ്ടർ കിഴിവ് വരുത്താതെ ഫൈനൽ ബിൽ അനുവദിച്ചു - അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 30-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 4-5 |

| | | |
|---|---|---|
| | Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Ram Manohar V.K (Audit Officer (HG), On 29-06-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 29-06-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunil.P.B (Asst. Audit Officer, On 30-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 30-06-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sunil.P.B (Asst. Audit Officer, On 30-06-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 30-06-2021) | 4-9 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 06.02.19 ലെ തീരുമാനം (1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതിനെ തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 16.02.19 ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പാസ്സാക്കിയ ബജറ്റനുസരിച്ച് മുൻബാക്കി 42,60,909 രൂപയും, പ്രതീക്ഷിത വരുമാനം 18,21,94,100 രൂപയും ചേർത്ത് ആകെ വരവ് 18,64,55,009 രൂപയും ആകെ ചെലവ് 17,86,27,910 രൂപയും നീക്കിബാക്കി 78,27,099 രൂപയും ആണ്. തുടർന്ന് 23.03.20 ലെ തീരുമാനം 1(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരുമാനം 15,03,65,294 രൂപയും പ്രതീക്ഷിത ചെലവ് 13,52,00,366 രൂപയും നീക്കിബാക്കി 1,51,64,928 രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനുവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായോ ഉദ്യോഗസ്ഥർ അപ്രകാരം നൽകിയതായോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അതേ സമയം സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന പ്രോജക്ടുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| സ്റ്റാന്റിംഗ് കമ്മറ്റി | ശുപാർശ തീയതി | റിമാർക്സ് |
|---|---|---|
| ധനകാര്യം | 13.12.18 | ജനുവരി 15 നകം |
| ആരോഗ്യ വിദ്യാഭ്യാസം | 28.01.19 | സമയപരിധി കഴിഞ്ഞ് |
| വികസനം | 31.01.19 | സമയപരിധി കഴിഞ്ഞ് |
| ക്ഷേമകാര്യം | 28.01.19 | സമയപരിധി കഴിഞ്ഞ് |

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ ചെയ്തതും പഞ്ചായത്ത് അംഗീകരിച്ചതും ആയ ബജറ്റിൽ ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് പാസ്സാക്കിയ ബജറ്റ് ചട്ട വ്യവസ്ഥ പാലിക്കപ്പെട്ടതല്ല.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I)പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത്) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല

(Ii) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 05.02.2020 ലെ തീരുമാനം 2(1) പ്രകാരം, 2020 ജനവരി മാസം വരെ വിവിധ ശീർഷകങ്ങളിൽ വന്നിട്ടുള്ള അധികചെലവുകൾ ഉൾപ്പെടുത്തി ബഡ്ജറ്റ് റിവൈസ് ചെയ്യുന്നതിനും ആയത് ഭരണസമിതിക്ക് ശുപാർശ ചെയ്യുന്നതിനും എകകണ്ഠമായി തീരുമാനിച്ചിരുന്നു. അപ്രകാരമുള്ള ചില ശീർഷകങ്ങളുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ബജറ്റ് ശീർഷകം | അധിക ചെലവ് |
|---|---|
| 2202101 | 107317 |
| 2502001 | 440458 |
| 2503014 | 180000 |
| 2522003 | 596600 |
| 2531001 | 339923 |

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 23.03.20 ൽ ചേർന്ന യോഗത്തിലെ തീരുമാനം നംപർ 1(1) അനുസരിച്ച് 2020-21ലെ ബജറ്റ് അംഗീകരിക്കുമ്പോൾ 2019-20ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. ഇപ്രകാരം 2020-21ലെ ബജറ്റ് അംഗീകരിക്കുമ്പോൾ മാത്രം 2019-20ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത് പ്രസ്തുത സാമ്പത്തിക വർഷത്തിൽ ( 2019-20) ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൌണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 30-06-2020 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 13364547 |
| ഓഡിറ്റ് വർഷത്തെ വരവ് | 57178746 |
| ആകെ | 70543293 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 50768110 |
| നീക്കിയിരിപ്പ് | 19775183 |

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | ഇല്ല | 10167706 | 10167706 | 9321729 | 845977 | |
| 2 | വികസനഫണ്ട് (എസ്.സി.പി) | ഇല്ല | 9882059 | 9882059 | 6443462 | 3438597 | |
| 3 | വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 4 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied) | ഇല്ല | 8144008 | 8144008 | 5400927 | 2743081 | |
| 5. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | ഇല്ല | 17054000 | 17054000 | 7949155 | 9104845 | |
| 6. | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | ഇല്ല | 3251000 | 3251000 | 2546403 | 704597 | |
| 7 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ (ഇനംതിരിച്ച്) സാക്ഷരത | 31094 | -- 1070 | 32164 | -- ഇല്ല | 32164 | |
| 8. | കേരളോത്സവം | ഇല്ല | 20,000 | 20,000 | 20,000 | ഇല്ല | |
| 9 | വിമുക്തി | 53200 | 7170 | 60370 | 9090 | 51280 | |
| 10 | കേന്ദ്രാവിഷ്കൃത പദ്ധതികൾ തൊഴിലുറപ്പ് പദ്ധതി(ഭരണ ചെലവ്) | 11926 | 992720 | 1004646 | 1004361 | 285 | |
| 11. | ശുചിത്വമിഷൻ ഗ്രാന്റ് | 684010 | 0 | 684010 | 403811 | 280199 | |
| 12 | ഐ.സി.ഡി.എസ് | 322223 | 3204157 | 3526380 | 860812 | 2665568 | |
| 13 | ജലനിധി | 186044 | 6165 | 192209 | 0 | 192209 | |
| 14 | എസ്.എസ്.എ | 25027 | 862 | 25889 | 0 | 25889 | |
| 15 | സ്വാഭിമാൻ | 95520 | 3289 | 98809 | 0 | 98809 | |
| 16 | ചിയാക് | 4854 | 5550 | 10404 | 3500 | 6904 | |

ഫണ്ടുവിനിയോഗം സംബന്ധിച്ച അപാകതകൾ ഖണ്ഡിക:1-11-11,1-11-13 ൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരംലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 186 | 78012232 | 119 | 38996738 | 65 | 2 | 64 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 11926 | 1277720 | 1289646 | 1289361 | 285 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 21749000 | 21749000 | 21749000 | |

ഈ റിപ്പോർട്ടിന്റെ ഖണ്ഡിക:11-11,11-11-1ൽ വാർഷികകണക്കിൽ തൊഴിലുറപ്പ് പദ്ധതിയിലെ കണക്കിലുള്ള അപാകതകൾ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ളതാണ്.

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 51600 | 56 |
| കർഷകതൊഴിലാളി പെൻഷൻ | 2672400 | 443 |
| വിധവാ പെൻഷൻ | 6839400 | 1021 |
| വാർദ്ധക്യകാലപെൻഷൻ | 7572000 | 1269 |
| വികലാംഗപെൻഷൻ | 1752500 | 290 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 543600 | 90 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-06-2021 തീയതിയിൽ 2:30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2321/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൌണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.02.2021 | 12/2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 07-12-2016 മുതൽ | 2011-12 മുതൽ | 02-02- |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | 22-12-2016വരെ | 2015-16 വരെ | 2017. |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ട താഴെ പറയുന്ന അപാകതകൾക്ക് മറുപടി അറിയിക്കേണ്ടതാണ്.

### 1-11-1 അടിസ്ഥാന അനുപാതങ്ങള്

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-11-2 വസ്തു നികുതി

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

11.2.1തൻവർഷം

11.2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | മുൻകൂർ കളക്ഷൻ | ബാക്കി |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 12,22,297 | 12,05,229 | 16918 | 2956 | 3106 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 12,22,297 | 12,05,229 | 25413 | 2956 | 3107 |
| | | | | | |

11.2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | മുൻകൂർ കളക്ഷൻ | ബാക്കി |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 6,00,284 | 5,67,737 | 8,495 | 293 | 24,345 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 6,00,284 | 5,67,737 | Nil | 293 | *24,345 |

11.2.2കുടിശ്ശിക

11.2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4498 | 0 | 4498 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *4500 | 0 | 4500 ** |

11.2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 137119 | 21050 | 116069 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 53,815 | 21050 | 116069 |

11.2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | മുൻകൂർ കളക്ഷൻ | ഡിമാന്റ് കുറവ് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|

| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | ചെയ്തത് | തൻവർഷം | കുടിശ്ശിക | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 61119 | 226 | 61345 | 60253 | 0 | 60253 | 857 | 152 | | 156 | 226 | 382 |
| | നോൺ-റെസിഡൻഷ്യൽ | 30014 | 6856 | 36870 | 28387 | 1052 | 29439 | 293 | 11 | | 1217 | 5804 | 7021 |
| | ആകെ | | | 98215 | | | 89692 | 1150 | 163 | | 7403 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 110671 | | | 91667 | | | | | 89760 | 7403 | | |

11.2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

11.2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 0 | 8495 |

11.2.6 1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2019-20 വർഷത്തിൽ വരവൂർ ഗ്രാമപഞ്ചായത്തിൽ 145 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2019-20ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

11.2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം91667 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 89692 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 90812രൂപയാണ്.(വൌച്ചർ 41900192,41900199,41900202തീ 31-03-20 (1052+28797+60963=90812))(പട്ടിക 2.3 കാണുക )

11.2.8 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്.ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 0 | 8495 |

11.2.9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)148,018രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 7048.47 (148,018/105X5 )ആണ്.എന്നാൽ ഈ ശീർഷകത്തിൽ 7403.65രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-3 ജേണൽ ബുക്ക് തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം7ൽ പരാമർശിച്ച വിധത്തിലുള്ള ജേണൽ ബുക്ക് തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 10ൽ വ്യക്തമാക്കിയ പ്രകാരം തയ്യാറാക്കിയ ജേണൽ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

## 1-11-4 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച് ) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-11-5 280000000-Prior Period Item - അംഗീകരിക്കപ്പെട്ട വൌച്ചറുകൾ ഹാജരാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100104-Prior Period Income-Property Tax On Non Residential Buildings | (-)99924 |
| 280800701-Prior Period Miscellaneous Expenses | (-)70885 |

## 1-11-6 ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7).ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത് (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 10).പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-8 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6410636 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6990462രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-9 ഡിപ്രീസിയേഷൻ - വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditureപത്രിക പ്രകാരം 3910502രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-11-10 ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 1000രൂപയുടെ നിക്ഷേപം കാണുന്നു.എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക്

ഹാജരാക്കിയിട്ടില്ല.ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

## 1-11-11 തൊഴിലുറപ്പ്പദ്ധതി-കണക്കുകൾ പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തൊഴിലുറപ്പ്പദ്ധതിയുടെ എസ്.ബി.ഐ. വരവൂരിലുള്ള ബാങ്ക് അക്കൗണ്ട് നം.67059086697 ലെ തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരാരവും,വാർഷിക കണക്ക പ്രകാരമുള്ളതുമായ മുൻബാക്കിയും,നീക്കി ബാക്കിയും പൊരുത്തെപ്പെടുത്തി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തൻ വർഷത്തെ തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ വരവ്,ചെലവ് തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 (ശീർഷകം:160100601) പ്രകാരമുള്ള വരവ്: ₹2,48,42,516 എന്നതാണ് എന്നാൽ ₹2,48,30,720എന്നതാണ് വരവായി തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(A) (ശീർഷകം:251300801 Total Poverty Alleviation Programs-General) പ്രകാരമുള്ള ചെലവ്:₹2,48,42,516 എന്നതാണ് എന്നാൽ ₹2,48,42,361എന്നതാണ് ചെലവായി തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പൊരുത്തക്കേടുകൾക്കുള്ള കാരണം അറിയിക്കേണ്ടതാണ്.

11.11.1പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൾ I-6,I-14(A)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യ ചെലവും ₹2,48,42,516 എന്നതാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 23,96,000രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു.ഈ തുക തെറ്റായി റവന്യവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം,ചെലവ് എന്നിവ ₹23,96,000 കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റില് ₹23,96,000 ആസ്തികളും, തത്തുല്യമായ തുകയുള്ള കാപ്പിറ്റൽ കോണ്ട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.ഇത് തിരുത്തേണ്ടതാണ്

## 1-11-12 ബാങ്കിൽ നിക്ഷേപിച്ചിട്ട് വർഷങ്ങളായിട്ടും ചെക്ക് ക്യാഷ് ചെയ്തിട്ടില്ല

വരവൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 15000രൂപ (വൗച്ചർ നം.111404500006 /14-01-2015 Cheque No.885624/18.10.14) “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിട്ട് വർഷങ്ങളായിട്ടും ക്യാഷ് ചെയ്യാത്ത പ്രസ്തുത ഇൻസ്ട്രുമെന്റിൽ ഉൾപ്പെട്ട തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-11-13 ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രിക, റെസീപ്റ്റ്സ് ആന്റ് പേയ്മെന്റ് പത്രിക തുകകൾ പൊരുത്തപ്പെടുന്നില്ല

ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകരം ശീർഷകം:160100101 Development Fund Generalലെ വരവ് ₹93,82,998 ഉം, ശീർഷകം:160100104 Development Fund – Central Finance Commission Grant ലെ വരവ് ₹46,52,484ഉം,ശീർഷകം:160100402 Maintennance Fund Non-Road Assetsലെ വരവ് ₹24,39,653 ഉം രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ റെസീപ്റ്റ്സ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ RP-7 പ്രകരം ശീർഷകം:160100101 Development Fund Generalലെ വരവ് ₹93,21,729 ഉം ശീർഷകം:160100104 Development Fund – Central Finance Commission Grant ലെ വരവ് ₹54,00,927ഉം, ശീർഷകം:160100402 Maintennance Fund Non-Road Assetsലെ വരവ് ₹25,46,403 ഉം രേഖപ്പെടുത്തിയിട്ടുള്ളതാണ്. മേൽ ശീർഷകങ്ങളിലെല്ലാം റെസീപ്റ്റ്സ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ പ്രകാരമുള്ള തുകയും, സാംഖ്യ ACR പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നുണ്ടെങ്കിലും, ACR പ്രകാരമുള്ള തുകയും ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. 26.07.2011ലെ സർക്കാർ ഉത്തരവ് (കൈ)152/2011/തസ്വഭവ പ്രകരമുള്ള അക്കൗണ്ടിംഗ് പോളസിയിൽ വ്യക്തമാക്കിയ പ്രകാരം റവന്യൂ ഗ്രാന്റായി ലഭിക്കുന്ന തുകയിൽ ചെലവുതുക തന്നെ വരവായി രേഖപ്പെടുത്തുന്ന രീതി നിലനിൽക്കുമ്പോൾ, ഈ ഇനത്തിൽ ലഭിച്ച മേൽ പറഞ്ഞ ശീർഷകത്തിലുള്ള തുകകൾ,ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രിക, റെസീപ്റ്റ്സ് ആന്റ് പേയ്മെന്റ് പത്രിക എന്നിവയിൽ വ്യത്യസ്തമായി രേഖപ്പെടുത്തിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-11-14 ഉത്ഭവസ്ഥാനത്തു തന്നെ കുറവു വരുത്തിയ തുക വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (സാധാ)6105/2019/ധന. തീയതി:01.08.2019, സർക്കാർ ഉത്തരവ് (സാധാ)10050/2019/ധന. തീയതി:21.12.2019 ഉത്തരവുകൾ പ്രകാരം വികസനഫണ്ട് 2ഉം3ഉം ഗഡുക്കൾ അനുവദിക്കുമ്പോൾ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് എന്നയിനത്തിൽ വികസന ഫണ്ട് (ജനറൽ)നിന്ന് ₹242647 പ്രകാരം ആകെ ₹485294 ഉത്ഭവസ്ഥാനത്തു തന്നെ കുറവു വരുത്തിയിട്ടുള്ളത് വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ ഉത്തരവുകൾ പ്രകാരം വികസന ഫണ്ട് (എസ്.സി.പി) ഇനത്തിൽ യഥാക്രമം ₹51471,₹51470 എന്നിങ്ങനെ ആകെ ₹102941 ഉത്ഭവസ്ഥാനത്തു തന്നെ കുറവു വരുത്തിയിട്ടുള്ളത് വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല. ആയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്-സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ,കലയിലോ,ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ഗ്രാമപഞ്ചായത്ത് തൊഴിൽനികുതി ചുമത്തേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ചുവടെചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ രജിസ്റ്ററിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 2019-20 വർഷം മരാമത്ത് പ്രവർത്തികൾ നിർവഹിച്ച ചുവടെ ചേർക്കുന്ന കോൺട്രാക്ടർമാരിൽ നിന്നും 2019-20 ഒന്ന് രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .

1. അബ്ദുൽ കരീം

2. സുബൈർ എസ്.വൈ

2. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവൃത്തി എടുത്ത് വരുന്ന ചുവടെ ചേർക്കുന്ന അംഗീകൃത രജിസ്റ്റേർഡ് ബിൽഡിംഗ് സൂപ്പർവൈസർ/ എഞ്ചിനീയർ മാരിൽ നിന്നും 2019-20 ഒന്ന് രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. പി.വി.ഹരി (നം.G6/1873/12/1369/SB)
2. ഉല്ലാസ് കെ.കെ ,ഇരുനിലാംകോട് (G6/4243/18/33/SB)
3. സുധീഷ് കുമാർ എ.എസ് (E-2050/08/5899/Kkd/53/2014SA
4. അരുൺകെ.എസ്,വരവൂർ(G6-791/16/96/SB)
5. ഷറഫുദ്ദീൻ കെ.കെ(G6-4653/17/33/SB)
6. ഉണ്ണികൃഷ്ണൻ എം.പി,വരവൂർ (G6-4855/17/49/SB
7. രാഗേഷ് പി.കെ,വരവൂർ(G6-1338/16/125/SB
8. ഇബ്രാഹിം. കെ.എ,തലശ്ശേരി(G6-3235/17-317-EA)

3. ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻകട ജീവനക്കാർ, കള്ള്ഷാപ്പ് ജീവനക്കാർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, മറ്റ് പ്രഫഷണല്ലുകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .

4. ചുവടെ ചേർക്കുന്ന സ്ഥാപനത്തിൽ നിന്നും 2019-20 ഒന്ന് രണ്ട് അർദ്ധവർഷങ്ങളിലെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

1. എസ്.ബി.ഐ ,വരവൂർ

5. ഗ്രാമ പഞ്ചായത്തിലെ 2019-20 ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 188 കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കച്ചവട സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന/കച്ചവടക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്-സെക്ഷൻ 205 ബി , 205 സി എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും താമസ സ്ഥലമോ മുറികളോ കൈവശം വച്ചിരിക്കുന്ന ഏതൊരാളുടെയും, സ്ഥാപനത്തിന്റെ ഉടമസ്ഥനോട് സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന എതൊരാളുടെയും തൊഴിലിനെയോ കലയെയൊ ഉദ്യോഗത്തെയോ സംബന്ധിച്ച് ലിസ്റ്റ് ആവശ്യപ്പെടാവുന്നതും ബാധകമായ തൊഴിൽ നികുതി വസൂലാക്കാവുന്നതുമാണ്. ഇപ്രകാരം പഞ്ചായത്ത് പരിധിയിലെ മുഴുവൻ കെട്ടിട /സ്ഥാപന ഉടമസ്ഥരിൽ നിന്നും , ലിസ്റ്റ് ആവശ്യപ്പെടേണ്ടതും ബാധകമായ മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്.

## കുറിപ്പ്-

1. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് (നം.7/26.6.2021) കെ.കെ ഇബ്രാഹിം,പി.എം. കമ്മുട്ടി,സുമേഷ്,എ.എം യൂസുഫ് എന്നി കോൺട്രാക്ടർമാരിൽ നിന്നും (യഥാക്രമം രസീത് നമ്പറുകൾ -121040100221/29.6.21, 121040100219/28.6.21, 121040100227/29.6.21,121040100217/28.6.21 ) 2019-20 ഒന്ന് രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതിയും പിഴയും ഓഡിറ്റ് വേളയിൽ ഈടാക്കിയിട്ടുണ്ട്(2950x4=11800 രൂപ)
2. ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് സിദ്ധു എ.ബി- പിലാക്കാട് (നം.G4/1670/18/215/SA),മണികണ്ഠൻ എം.- പിലാക്കാട്(G6-4207/17/08/SB) എന്നീ സൂപ്പർവൈസർമാരിൽ നിന്നും 2019-20 ഒന്ന് രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതിയും പിഴയും ഓഡിറ്റ് വേളയിൽ ഈടാക്കിയിട്ടുണ്ട്(2950x2=5900 രൂപ)

അവശേഷിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് മറുപടി (തി.29.6.21)നൽകിയിട്ടുണ്ട്.

## 1-13 അനധികൃത നിർമാണം -3 ഇരട്ടി വസ്തുനികുതി ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ 2019-20ലെ 21ാം നമ്പർ അപേക്ഷ സംബന്ധിച്ച ഫയൽ (നം.എ3-2766/19 തി.6.6.19) വേണുഗോപാൽ- കള്ളിവളപ്പിൽ എന്ന വ്യക്തിയുടെ 315/8 റിസർവെ നമ്പറിലുള്ള .2090 ഹെക്ടർ സ്ഥലത്തിലെ നിർമിതിക്ക് ക്രമവത്ക്കരണത്തിനുള്ള അപേക്ഷ സംബന്ധിച്ചിട്ടുള്ളതാണ്. ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം പ്രസ്തുത കെട്ടിടനിർമാണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി 15.5.19 തിയതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് പ്രകാരം ബിൽഡിംഗിലെ താഴത്തെ 2 നിലകൾക്ക് ഒക്കുപെൻസി സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ളതാണെന്നും സ്ഥല പരിശോധനയിൽ 3,4 നിലകളിൽ നിർമാണം പുരോഗമിച്ച് കൊണ്ടിരിക്കുന്നതായും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബി.ടി.ആർ പ്രകാരം വെറ്റ്ലാന്റ് ആയ സ്ഥലത്തിലെ നിർമ്മാണം അനധികൃതമാണെന്നും 2008ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നിർമാണം ക്രമവത്ക്കരിക്കാൻ സാധ്യമല്ല എന്നും നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പിന്നീട് ആവശ്യപ്പെട്ട പ്രകാരം വീണ്ടും സ്ഥലപരിശോധന നടത്തി 9.7.19 തിയതിയിൽ സമർപ്പിച്ച റിപ്പോർട്ടിലും 3,4 നിലകളിൽ നിർമാണം നടന്നിട്ടുള്ള കെട്ടിടത്തിലെ 3 ാം നിലക്ക് മാത്രമാണ് ക്രമവത്ക്കരണത്തിന് അപേക്ഷിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ അവ്യക്തത ഉണ്ടെന്നും സമർപ്പിച്ച പ്ലാനിലും ഓൺലൈൻ അപേക്ഷയിലും വ്യത്യാസമുണ്ടെന്നും 4 ാം നിലയിലെ അനധികൃത

നിർമാണം പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ആർ.ഡി.ഒ യുടെ അനുമതി ലഭിച്ചിട്ടില്ല എന്നും അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്.

ന്യൂനതകൾ വ്യക്തമാക്കി അപേക്ഷകന് കത്ത് നൽകി ഫയൽ താൽക്കാലികമായി തീർപ്പാക്കിയിരിക്കുന്നതായും വ്യക്തമായി.

നിർമാണത്തിന്റെ വിസ്തീർണം സമർപ്പിച്ച പ്ലാൻ പ്രകാരം -

| | |
|---|---|
| നിലവിലെ ഒന്നാം നിലയിലെ തറവിസ്തീർണം | 148.18 M2 |
| നിലവിലെ രണ്ടാം നിലയിലെ തറവിസ്തീർണം | 148.18 M2 |
| മൂന്നാം നിലയിലെ തറവിസ്തീർണം | 148.18 M2 |
| നിലവിലെ സ്റ്റെയർ റൂം | 12.09 M2 |
| നിലവിലെ വീട് | 64.5m2 |
| വരാന്ത | 67.62 M2 |
| ആകെ | 588.75m2 |

(നാലാം നിലയിലെ തറ വിസ്തീർണം പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല)

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണചട്ടങ്ങൾ, 2008ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം എന്നിവക്ക് വിരുദ്ധമായി നിർമിക്കപ്പെട്ട കെട്ടിടം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ചുവടെചേർക്കുന്ന പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

1. പ്രസ്തുതനിർമാണം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരമുള്ള ഫോറം 10 അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 എന്നിവ പ്രകാരം അനധികൃത നിർമാണം ക്രമവത്ക്കരിക്കുന്നത് വരെയോ പൊളിച്ച് മാറ്റുന്നത് വരെയോ കെട്ടിടം പൂർത്തീകരിക്കുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്ത തിയതി മുതൽ നിയമാനുസൃതം നിർമിച്ചതാണെങ്കിൽ ഈടാക്കാമായിരുന്ന വസ്തു നികുതിയും അതിന്റെ 2 ഇരട്ടിയും ഈടാക്കിയിട്ടില്ല.

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/28.6.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃതമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും അനധികൃത നിർമാണത്തിന്റെ ഉടമസ്ഥനിൽ നിന്നും അനധികൃത നിർമാണം ക്രമവത്ക്കരിക്കുന്നത് വരെയോ പൊളിച്ച് മാറ്റുന്നത് വരെയോ 3 ഇരട്ടി വസ്തു നികുതി ഈടാക്കേണ്ടതുമാണ്.

## 1-14 ടെണ്ടർ ഫോറത്തിന്റെ വില-ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2019-20 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിന്മേൽ ഗ്രാമപഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിട്ടില്ല. ഇതിനായി തുടങ്ങിയ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള (എസ്.ബി.ഐ വരവൂർ ശാഖ-അക്കൗണ്ട് നം.37788155160) അക്കൗണ്ടിൽ 31.3.2020 തിയതിയിൽ 85373 രൂപ ബാലൻസ് ആയി നിലനിൽക്കുന്നുണ്ട്. ആയത് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 അസറ്റ് മാനേജ്മെന്റ് മാനുൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാനുൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2019-20 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( എൻക്വയറി നം. 13 തീ. 28.06.21 ) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആനുൽ സ്റ്റാറ്റസ് അസസ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം,

കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(II) 2019-20 ൽ നടപ്പാക്കിയ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ എന്ന പദ്ധതി പ്രവർത്തനവുമായി ( പ്രോജക്ട് നം. 137/20 ) ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ, ഈ പദ്ധതി പ്രവർത്തനം വിഭാവനം ചെയ്ത ഭൂമിയിൽ തന്നെ നടപ്പാക്കാൻ ( അസി.എഞ്ചിനീയർ പുറം പോക്ക് ഭൂമിയിലെ അവകാശ തർക്കം ചൂണ്ടിക്കാണിച്ചപ്പോൾ ) 10.07.18 ലെ ഭരണസമിതി തീരുമാനം 10(1) പ്രകാരം തീരുമാനിച്ചിരുന്നെങ്കിലും തർക്കം കാരണം പദ്ധതിപ്രവർത്തനം നിശ്ചയിച്ച സ്ഥലത്തുനിന്നും മാറ്റേണ്ടിവന്നതായി രേഖപ്പെടുത്തിയത് കാണാൻ കഴിഞ്ഞു ( ഈ പദ്ധതി പ്രവർത്തനം ശ്മശാനത്തിന്റെ ഒരു ഭാഗത്തേക്ക് മാറ്റേണ്ടിവരികയുണ്ടായി ).

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതാണ്.

## 1-16 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 08/25.06.21.)

## 1-17 മരാമത്ത് പണികൾ--പിഡബ്ള്യുഡി മാന്വൽ വ്യവസ്ഥകൾ-പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ–കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മരാമത്ത് പണികളുമായി ബന്ധപ്പെട്ട് ഏർപ്പെട്ട കരാറുകളിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഇപ്പോഴും ഉൾക്കൊള്ളിച്ചു വരുന്നത്.

3) മിക്കഅവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

പിഡബ്ള്യുഡി മാന്വൽ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 08/25.06.21)

## 1-18 വിവിധ അംഗനവാടികളുടെ മെയിന്റനൻസ് - പുതുക്കിയ സാങ്കേതിക അനുമതി നേടാതെ തുക അനുവദിച്ചത് ക്രമവിരുദ്ധം.

| | |
|---|---|
| പ്രൊജക്ട് നംപർ | 136/20 |
| പ്രൊജക്ട് | വിവിധ അംഗനവാടികളുടെ മെയിന്റനൻസ് |
| സാങ്കേതികാനുമതി | 76647/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/108724 Dtd.23.07.18 |
| സാങ്കേതികാനുമതി തുക | 10,00,000 രൂപ |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് താഴത്തേതിൽ |
| കരാർ നിരക്ക് | 862210.51 രൂപ |
| കരാർ ഉടമ്പടി | 48/AE/LSGD/VVR/18-19 Dtd.30.10.18 |
| എം.ബുക്ക് | 05/18-19, 42/18-19, 70/18-19, 249/18-19, 253/18-19 |
| വൗച്ചർ നംപർ, തുക | 21900442/01.07.19 = 492000 ( CFC Grant)<br>21900462/10.07.19 = 218375 (MG NR) |

ഗ്രാമപഞ്ചായത്തിലെ വെട്ടുകാട് അംഗൻവാടി, തളി അംഗൻവാടി, ചേലൂർ അംഗൻവാടി, പെരുകുന്ന് അംഗൻവാടി എന്നിവയുടെ മെയിന്റനൻസിനാണ് ഈ പ്രോജക്ട് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രവൃത്തി സമയത്ത് അളവിലും ഇനത്തിലും വ്യത്യാസം വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുവാദത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ

പരിഗണിച്ച ഭരണസമിതി 08.03.19 ലെ 1(3) നംപർ തീരുമാനപ്രകാരം അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാൻ അനുവാദവും നൽകി.

പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ, വെട്ടുകാട് അംഗൻവാടിയുടെ മെയിന്റനൻസിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനം 13, 14, 15, 16, 17, 19 എന്നിവ നിർവ്വഹണം നടത്തിയിട്ടില്ലാത്തതും എക്സ്ട്രാ ഐറ്റം ആയി മൂന്നിനം പ്രവൃത്തി ചെയ്തിട്ടുള്ളതും ആണ്. ഈ ഇനം പ്രവൃത്തികൾക്കായി ആകെ 69289.7 രൂപ ( 59361.46 + 5079.73 + 4848.51 ) ചെലവെഴുതിയിട്ടുമുണ്ട്. തളി അംഗൻവാടി മെയിന്റനൻസിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനങ്ങൾക്ക് പുറമേ എക്സ്ട്രാ ഐറ്റം ആയി നാലിനം പ്രവൃത്തി ചെയ്തിട്ടുള്ളതും, ഈ ഇനം പ്രവൃത്തികൾക്കായി ആകെ 3434.58 രൂപയും ( 2451.08 + 416.11 + 78.6 + 488.79 ) ചെലവെഴുതിയിട്ടുണ്ട്. അതുപോലെ തന്നെ ചേലൂർ അംഗൻവാടി മെയിന്റനൻസിൽ എക്സ്ട്രാ ഐറ്റം പ്രവൃത്തികൾക്കായി 5993.62 രൂപയും, പെരുകുന്ന് അംഗൻവാടി മെയിന്റനൻസിൽ എക്സ്ട്രാ ഐറ്റം പ്രവൃത്തികൾക്കായി 2391.98 രൂപയും ചെലവെഴുതിയിട്ടുണ്ട്. ഇതിനുപുറമേ നിർവ്വഹിക്കപ്പെട്ട വിവിധ ഇനം പ്രവൃത്തികൾക്ക് തന്നെ എസ്റ്റിമേറ്റ് അളവിൽ നിന്നും 5% ൽ കൂടുതൽ വ്യതിയാനവും രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ പ്രവൃത്തിയുടെ ഫയലിൽ KPWD Manual Section 1601.1.6 പ്രകാരം Revised Estimate തയ്യാറാക്കി പുതുക്കിയ സാങ്കേതിക അനുമതി നേടിയതായി രേഖയില്ല.

ആയതിന്റെ അഭാവത്തിൽ പ്രവൃത്തിക്കായി ചെലവഴിച്ച 710375 രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 22/29.06.21)

## 1-19 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക നിക്ഷേപിച്ചത് --- തുടർ വിവരം ലഭ്യമാക്കണം.

2019-20 സാമ്പത്തിക വർഷത്തിൽ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് താഴെ ചേർക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നംപർ | പ്രോജക്ട് നംപർ | പ്രോജക്ട് | വൌച്ചർ നംപർ | തുക (രൂപയിൽ) |
|---|---|---|---|---|
| 1 | 178/20 | നിലവിലെ കുടിവെള്ള പദ്ധതികളിൽ അധിക തുക ഡെപ്പോസിറ്റ് ചെയ്യലും ( രാമൻചിറ, കാർളിമുക്ക്, മഞ്ഞച്ചിറ ), പാറപ്പുറം വനിതാ പരിശീലനകേന്ദ്രം കിണർ നിർമ്മാണവും | 21900476/21.08.19 | 1,15,000 |
| 2 | 55/20 | കുടിവെള്ള പദ്ധതികൾ ഡെപ്പോസിറ്റ് പ്രവൃത്തി - മയിലാടികുന്ന്, കരുവൻപടി, കുമരപ്പനാൽ മദ്രസ്സ, രാമൻകുളം എൽ. പി സ്കൂൾ റോഡ്, ഐ.ടി.ഐ പരിസരം വെട്ടുകൽ, അത്തിക്കുന്ന് എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിക്കുന്നതിനായി ഡെപ്പോസിറ്റ് | 21900850/30.12.19 | 3,00,000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 10/25.06.21 ) ലഭ്യമാക്കിയ മറുപടി പ്രകാരം പ്രോജക്ട് 55/20 ലെ പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല എന്നും, പ്രോജക്ട് 178/20 ലെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലം തെരഞ്ഞെടുത്ത് തുക വകയിരുത്തി ഡെപ്പോസിറ്റ് ചെയ്തിട്ടും പ്രവൃത്തി ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതും സംബന്ധിച്ച് പഞ്ചായത്ത് ആവശ്യമായ അവലോകനം നടത്തേണ്ടതും പ്രവൃത്തികൾ പൂർത്തീകരിക്കാൻ തുടർ നടപടി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-20 കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് --- തുടർ വിവരം ലഭ്യമാക്കണം.

2019-20 സാമ്പത്തികവർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 180/20 നംപർ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം, പഞ്ചായത്ത് വനിതാ പരിശീലന കേന്ദ്രം കുടിവെള്ളപദ്ധതിക്കായി സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് 25,000 രൂപ ( വൌച്ചർ നം. 21900852/31.12.19 പ്രകാരം ) കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. കരാർ ഉടമ്പടി പ്രകാരം വാട്ടർ അതോറിറ്റി 30.06.20 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായുണ്ട് ( ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കിതുക 1,01,000 രൂപ 2020-21 സാമ്പത്തിക വർഷത്തിലാണ് കൈമാറിയിട്ടുള്ളത് ). ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം. 9/25.06.21 ) ലഭ്യമാക്കിയ മറുപടി പ്രകാരം 2021 ഏപ്രിലിൽ പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ മൂല്യനിർണ്ണയ പത്രികയോ, പൂർത്തീകരണസർട്ടിഫിക്കറ്റോ ലഭിച്ചിട്ടില്ലാത്തതതാണ്. ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 കളിത്തട്ട് പദ്ധതി - കായിക പരിശീലന പദ്ധതിയിൽ പദ്ധതി മാർഗ്ഗരേഖകളുടെ ലംഘനം

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ , എൽ.പി. സ്കൂൾ വരവൂർ

വൗച്ചർ നമ്പർ: 21901022/20.03.20 തുക:₹47,590/- വികസനഫണ്ട് (ജനറൽ)

പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിൽ പരിശീലനം നല്കി ഒരു ഫുട്ബാൾ ടീം രൂപീകരിച്ച് യുവജനങ്ങൾക്ക് കായിക പ്രോത്സാഹനം നല്കുക എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന കാര്യങ്ങളിലുള്ള വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1. പ്രോജക്ട് രൂപീകരണ ഫോറം 1 പ്രകാരം പഞ്ചായത്ത് തലത്തിൽ പരീശീലനം നല്കി ഒരു ഫുട്ബോൾ ടീം രൂപീകരിച്ച് യുവജനങ്ങൾക്ക് കായിക പ്രോത്സാഹനം നൽകുക എന്നതാണ് വിഭാവനം ചെയ്യുന്നത്. എന്നാൽ പേജ് നം.6ൽ ഗ്രാമപഞ്ചായത്തിലെ നീന്തൽ അറിയാത്ത 05 മുതൽ 18 വയസ്സ് വരെയുള്ളവർക്ക് നീന്തൽ പരിശീലനം എന്നതാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നീന്തൽ പരിശീലനം എന്ന പ്രോജക്ട് റിവൈസ് ചെയ്താണോ ഫുട്ബോൾ പരിശീലനം എന്ന പ്രോജക്ട് ഉണ്ടായതെന്ന് വ്യക്തമല്ല. കായിക രംഗവുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റിയായ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 2019-20 കാലയളവിലെ മിനിറ്റ്സ് പരിശോധിച്ചതിൽ 'കളിത്തട്ട്' എന്ന പ്രോജക്ട് സംബന്ധിയായ യാതൊരു തീരുമാനങ്ങളോ പരാമർശങ്ങളോ കണ്ടിട്ടില്ലാത്തതുമാണ്. 07-01-2020ലെ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം പ്രോജക്ട് നം.72/20 കളിത്തട്ട് എന്ന പദ്ധതി ഭേദഗതി ചെയ്യണമെന്നും, 'ഉൾക്കുറിപ്പ് തിരുത്തൽ' നടത്താൻ നിർദ്ദേശിച്ചിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പരിശോധനയക്കായി ഹാജരാക്കിയ പ്രോജക്ടിൽ ഉൾക്കുറിപ്പിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ലാത്തതും, പേജ് നം.6ൽ 'നീന്തൽ പരിശീലനം'എന്നതു തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉൾക്കുറിപ്പിൽ മാറ്റം വരുത്താതെ ' നീന്തൽ പരിശീലനം' എന്ന പദ്ധതി 'ഫുട്ബോൾ പരിശീലനം' എന്നതാക്കി നിർവ്വഹണം നടത്തിയതിന്റെ കാരണം അറിയിച്ചിട്ടില്ലാത്തതാണ്.
2. പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാമാനദണ്ഡമായി പ്രോജക്ട് രൂപീകരണ ഫോറം പേജ്:4ൽ കാണിച്ചിരിക്കുന്നത് പരിശീനാർത്ഥികൾ ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരും, കായികക്ഷമതയോടുകൂടിയുള്ളവരും, അഞ്ച് മുതൽ 18 വയസ്സുവരെയുള്ളവരുമായിരിക്കണമെന്നുമാണ്. പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാ മാനദണ്ഡമനുസരിച്ച് കായികക്ഷമതയ്ക്ക് 50 മാർക്കും, താത്പര്യത്തിന് 50 മാർക്കും നല്കണമെന്നുണ്ട്. എന്നാൽ അർഹതാ, മുൻഗണനാ മാനദണ്ഡങ്ങൾ പ്രസിദ്ധപ്പെടുത്തി പദ്ധതി പ്രവർത്തനത്തിനായി അപേക്ഷ ക്ഷണിച്ചതിനു രേഖകൾ ഇല്ലാത്തതാണ്. ഈ സാഹചര്യത്തിൽ പദ്ധതി പ്രകാരം പരിശീലനം നല്കിയ 16 പേർ ഇത്തരത്തിലുള്ള അർഹതാ, മുൻഗണനാ മാനദണ്ഡമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ടതാണ് തെളിയിക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല. ഹാജരാക്കിയ ബന്ധപ്പെട്ട ഫയലിൽ 16 പേരുടെ പേരുവിവരം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. പദ്ധതി മാർഗ്ഗരേഖ 14-02-2018 ലെ സർക്കാർ ഉത്തരവ് (കൈ)നം.22/2018 /തസ്വഭവ ഖണ്ഡിക:7.6.2(1) മുതൽ (4)വരെ ടീം സെലക്ഷനിൽ പാലിക്കേണ്ടതായ നടപടി ക്രമങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയത് പാലിച്ചതായ വിവരങ്ങളൊന്നും തന്നെ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്. സെലക്ഷൻ നടപടികളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
3. ജില്ലാ/സംസ്ഥാന സ്പോർട്സ് കൗൺസിൽ കോച്ചുകൾ, സർക്കാർ/എയ്ഡഡ് സ്കൂൾ,കോളേജ് കായിക അദ്ധ്യാപകർ, വിരമിച്ച അദ്ധ്യാപകർ/നിർദ്ദിഷ്ട ഗെയിംസുകളിലെ ജില്ലാ/സംസ്ഥാന ടീം അംഗങ്ങൾ എന്നിവരിൽ നിന്നും പരിശീലകരെ നിയോഗിച്ച് തെരഞ്ഞെടുക്കുന്ന ടീമിന് പരിശീലനം നല്കണമെന്ന് പദ്ധതി മാർഗ്ഗരേഖ 14-02-2018 ലെ സർക്കാർ ഉത്തരവ് (കൈ)നം.22/2018 /തസ്വഭവ ഖണ്ഡിക:7.6.2(9)ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പദ്ധതിപ്രകാരം നിയോഗിച്ച പരിശീലകരുടെ യോഗ്യത തെളിയിക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

4. പദ്ധതിയ്ക്കായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന്, 3 സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ സ്വീകരിക്കുകയും, അവയിൽ നിന്നും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതാണ്. എന്നാൽ ഇക്കാര്യത്തിലുള്ള ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശിപാർശ, ഭരണ സമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5. മേൽ പരാമർശിച്ച സ്പോർട്സ് ഉപകരണങ്ങൾ ₹32990/- ചെലവഴിച്ച് വിനായക് സ്പോർട്സ് ആന്റ് ടോയ്സ് , വടൂക്കര, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും, സ്പോർട്സ് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നല്കിയ 3/24.06.21 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ഹെഡ് മാസ്റ്റർ 28-06-21ന് മറുപടി അറിയിച്ചിട്ടുണ്ടെങ്കിലും, മേൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനും, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതിനും ആവശ്യമായ നിർദ്ദേശം ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

## 1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ:വെറ്ററിനറി സർജൻ

പ്രോജക്ട് നം.16/20 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

വൗച്ചർ നം.21900849/05-12-2019 തുക ₹3,12,500/- വികസനഫണ്ട് (ജനറൽ)

നാല് മുതൽ ആറ് മാസം പ്രായമുള്ള കന്നുകുട്ടികളുള്ള ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിതീറ്റ നല്കുന്ന പദ്ധതി പ്രകാരം 50 കന്നുകുട്ടികൾക്ക് ₹6250/- നിരക്കിൽ ₹3,12,500/- എസ്.എൽ.ബി.പി. ഡയറക്ടർക്ക് നല്കിയിട്ടുള്ളതാണ്. പദ്ധതിയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.4/24.06.21)

## 1-23 മെഡിക്കൽ ഓഫീസർ ആയുർവ്വേദം നടപ്പാക്കിയ പദ്ധതിയിൽ തുക അടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും പ്രിന്റർ നാളിതുവരെ ലഭ്യമായിട്ടില്ല

പ്രോജക്ട് നം.46/20 ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് പ്രിന്റർ,യു.പി.എസ്. മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

വൗച്ചർ നം.21900895/16.01.20 തുക ₹37,622/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

വൗച്ചർ നം.21901011/26.02.20 തുക ₹12,378/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

പ്രോജക്ട് പ്രകാരം ആർട്ട്കോയിൽ നിന്നും (Proforma Invoice 1322/17-02-20 തുക ₹12378/-) കമ്പ്യൂട്ടർ ചെയർ, ഇലക്ട്രോണിക്സ് ഡിജിറ്റൽ വെയിംഗ് മെഷീൻ,ഡിജിറ്റൽ BP Apparatus എന്നിവ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ ഇവയുടെ അസ്സൽ ബിൽ ഫയലിൽ ഇല്ല.

താഴെ പറയുന്ന ഉപകരണങ്ങളുടെ വിലയായി കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ അക്കൗണ്ട് നം.7990114000003959 ലേയ്ക്ക് ₹37,622/- ട്രാൻസഫർ ചെയ്തിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സിൽ നമ്പർ/തീയതി ഇല്ല.

1 KVA UPS With 30 Minutes – Medium End Windows And Ubuntu - ₹22,771/-

A4- Multi Function Printer – Medium End Ubuntu - ₹14851/-

പ്രൊഫോർമ ഇൻവോയ്സ് പ്രകാരം Delivery-Within 45 Days Of Confirmed Order എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രിന്റർ വിതരണം ചെയ്തിട്ടില്ലാത്തതാണ് (16-01-21 നാണ് തുക ട്രാൻസ്ഫർ ചെയ്തത്) കൂടാതെ യു.പി.എസിന്റെ ഒറിജിനൽ ബിൽ ഫയലിൽ ഇല്ല.

മേൽ അപാകതകളിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നല്കിയ 5/24.06.21 നമ്പർ എൻക്വയറിയ്ക്ക് മറുപടി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളതാണ്. ആയതിൽ പ്രിന്ററിനായി അടവാക്കിയ തുക തിരികെ കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. തുക കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ നിന്നും തിരികെ ലഭിയ്ക്കുന്ന മുറയ്ക്ക് സഞ്ചിത നിധിയിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റി രൂപീകരണം- വാർഷിക കണക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

വരവൂർ ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി, ഹോമിയോ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളിലെ 2019-20 വരെയുള്ള ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ആയുർവ്വേദ

ഡിസ്പൻസറിയിലെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റി വാർഷികകണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-25 നിർവ്വഹണ ഏജൻസികളിൽ തുക അടവാക്കിയതിന്റെ കൈപ്പറ്റ് രശീതിയും, വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളിൽ നിർവ്വഹണ ഏജൻസികളിൽ തുക അടവാക്കിയതിന്റെ കൈപ്പറ്റ് രശീതിയും, വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നമ്പരും പേരും | നിർവ്വഹണ ഏജൻസി | വൗച്ചർ നം. & തിയതി | അടവാക്കിയ തുക |
|---|---|---|---|---|
| 1 | 01/2020 IKM വിഹിതം അടവാക്കൽ (വി.ഫ.പൊതുവിഹിതം സാധാരാണ വിഹിതം) | ഇൻഫോർമേഷൻ കേരള മിഷൻ | 21900652/ 13-11-2019 | 45,000 |
| 2 | 147/2020 കാൻ തൃശ്ശൂർ -ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ (വി.ഫ.പൊതുവിഹിതം സാധാരാണ വിഹിതം) | ജില്ലാ പഞ്ചായത്ത് | 21900499/ 15-10-2019 | 80,000 |

തുക അടവാക്കിയതിന്റെ കൈപ്പറ്റ് രശീതിയും, വിനിയോഗ സാക്ഷ്യപത്രവും നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കുന്നതിനും, ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.12/28.06.21)

## 1-26 പിലക്കാട് രാമൻചിറ മിച്ചഭൂമി കുടിവെള്ളപദ്ധതി ലക്ഷ്യം നേടാത്തത് സംബന്ധിച്ച്

10.03.2020 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം 28(1) താഴെ ചേർക്കുന്നു.

" പിലക്കാട് രാമൻചിറ മിച്ചഭൂമി കുടിവെള്ളപദ്ധതി നിർവ്വഹണം പൂർത്തിയായെങ്കിലും കിണറിൽ വെള്ളമില്ലാത്തതുമൂലം ടി- പദ്ധതി വഴി കുടിവെള്ളവിതരണം സാധ്യമായിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ 6 ലക്ഷം രൂപ പഞ്ചായത്ത് ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ടി- കുടിവെള്ളപദ്ധതിയുടെ നടത്തിപ്പിനായി ഡെപ്പോസിറ്റ് ചെയ്തിരുന്നു. കുഴൽകിണറിൽ വെള്ളമില്ലാത്തതിനാൽ നിലവിൽ ഈ കുടിവെള്ളപദ്ധതി ഉപയോഗപ്രദമല്ല. യീൽഡ് ടെസ്റ്റ് നടത്തി ജലലഭ്യതയുടെ കൃത്യത മനസ്സിലാകാതെ ടി-കിണർ നിർമ്മാണം നടത്തിയതിനാൽ നിർമ്മാണം പൂർത്തിയായി ഒരു മാസം മാത്രമാണ് ജലം ലഭിച്ചത്. ആയത് ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ നിരുത്തരവാദപരമായ നടപടിയായി യോഗം വിലയിരുത്തി. ആയതിനാൽ പ്രശ്നപരിഹാരം ഈ വകുപ്പ് കണ്ടെത്തി കുടിവെള്ളക്ഷാമം രൂക്ഷമായ ഈ പ്രദേശത്തുകാരുടെ ജലക്ഷാമം പരിഹരിച്ച് കിട്ടണമെന്ന് യോഗം അഭിപ്രായപ്പെട്ടു. ഈ വിഷയം ചൂണ്ടിക്കാട്ടി ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് കത്ത് നൽകുന്നതിന് യോഗം തീരുമാനിച്ചു. സെക്രട്ടറിയെ ചുമതലപ്പെടുത്തി."

ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും ( ഓഡിറ്റ് എൻക്വയറി നം. 17/28.06.21 ) മറുപടി ലഭിച്ചില്ല.

1) ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഈ പ്രവൃത്തിയുടെ മൂല്യനിർണ്ണയം ലഭ്യമാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാകാൻ സ്വീകരിച്ച തുടർനടപടി അറിയിക്കാൻ താൽപര്യപ്പെടുന്നു.

2) ഭരണസമിതി തീരുമാനത്തെ തുടർന്ന് ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി അറിയിക്കേണ്ടതാണ്.

ആയതിനാൽ ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രവൃത്തിയുടെ മൂല്യനിർണ്ണയം ലഭ്യമാക്കി മറുപടി ലഭ്യമാക്കേണ്ടതും, പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിനനുസൃതമായി ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ആവശ്യമായ പ്രതികരണം നടത്തുന്നില്ലെങ്കിൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി ഉചിതമായ പരിഹാരം തേടേണ്ടതാണ്.

## 1-27 പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ്-സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും വാട്ടർചാർജ്ജ് ആവശ്യത്തിലേക്കായി താഴെപറയുംപ്രകാരംതുക വാട്ടർഅതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 21900046/29.04.19 | 43750 |
| 21900110/30.05.19 | 43750 |
| | |

| | |
|---|---|
| 21900165/28.06.19 | 43750 |
| 21900223/30.07.19 | 43750 |
| 21900289/31.08.19 | 43750 |
| 21900358/28.09.19 | 43750 |
| 21900492/30.10.19 | 43750 |
| 21900567/27.11.19 | 43750 |
| 21900646/24.12.19 | 43750 |
| 21900711/27.01.20 | 43750 |
| 21900848/24.02.20 | 43750 |
| 21900965/24.03.20 | 43750 |
| ആകെ | 5,25,000 |

മേൽ പട്ടികപ്പെടുത്തിയ പ്രകാരം , കുടിവെള്ള വിതരണത്തിനായിഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ മൊത്തം അഞ്ച് ലക്ഷത്തിൽ കൂടുതൽ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയത് 2019-20 വർഷത്തെ ആകെ വസ്തുനികുതി ഡിമാന്റ് തുകയായ 18,22,581/-യുടെ 28.80% ത്തോളം വരുന്ന തുകയാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

I) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

Ii) പ്രതിമാസം 100 ടാപ്പുകളുടെ വാട്ടർ ചാർജ്ജാണ് അടവാക്കിവരുന്നത് ,വാട്ടർഅതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണത്തിൽ കൃത്യത വരുത്തേണ്ടതാണ്.

## 1-28 തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ്-സേവന ഉപനികുതി സാധ്യത പരിശോധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും 2020-21 വർഷത്തിൽ തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ താഴെപറയുംപ്രകാരം തുക കെ.എസ്..ഇ.ബിയിലേക്ക്അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 21900034/29.04-19 | 24,011 |
| 21900072/20.05.19 | 25,546 |
| 21900150/11.6.19 | 23,931 |
| 21900159/18.06.19 | 2,157 |
| 21900211/12.07.19 | 23,922 |
| 21900265/09.08.09 | 27427 |
| 21900337/16.09.09 | 18,701 |
| 21900343/19.09.19 | 5,929 |
| 21900399/14.10.19 | 26,813 |
| 21900548/14.11.19 | 27,255 |
| 21900628/11.12.19 | 28,052 |
| 21900694/16.01.20 | 26,219 |
| 21900831/11.02.20 | 30,097 |
| 21900842/24.02.20 | 19,712 |
| 21900892/12.03.20 | 25,724 |
| ആകെ | 3,35,496 |

മേൽ പട്ടികപ്പെടുത്തിയ പ്രകാരം , തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ മൊത്തം മൂന്ന് ലക്ഷത്തിൽ കൂടുതൽ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയത് 2019-20 വർഷത്തെ ആകെ വസ്തുനികുതി ഡിമാന്റ് തുകയായ 18,22,581/-യുടെ 18.40% ത്തോളം വരുന്ന തുകയാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

l) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

## 1-29 GST Compensation ഇനത്തിൽ തുക അനുവദിച്ച് നൽകിയത് ക്രമത്തിലല്ല

01.07.2017 മുതൽ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലായതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക(3) പ്രകാരം DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്ത് Additional Tax Burden On Works Awarded At Pre GST Tax Rates കണക്കാക്കി GST Compensation കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയ GST Compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ് എന്ന് ഖണ്ഡിക(4) ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിലെ ( ഖണ്ഡിക(4) ) നിർദ്ദേശപ്രകാരം, പ്രവൃത്തികളിൽ ഖണ്ഡിക(3) ലെ പട്ടികയിൽ വ്യക്തമാക്കിയ വിവിധ ഇനങ്ങൾ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ഈ ഇനങ്ങളിലെ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ GST Compensation ആണ് നൽകേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവിലെ ഖണ്ഡിക(3) ലെ രേഖപ്പെടുത്തൽ പ്രകാരം Bituminous Road Work ( Bitumen Contractor Supply ) ന് നൽകേണ്ട GST Compensation ആയ 3% തുക എത്തിച്ചേർന്നിട്ടുള്ളത് 10.04.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 ൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്ക് വെച്ചാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്കിലല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിൽ മേൽ വ്യക്തമാക്കിയ GST Compensation ന് അർഹത നഷ്ടപ്പെടുന്നു. പ്രസ്തുത സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്കാണ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ബിറ്റുമിന്റെ നിരക്ക് 09.10.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും, 2018-19 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്ക് 04.04.18 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആണ്. 04.04.18 ലെ സർക്കുലർ നിർദ്ദേശ പ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ ബിറ്റുമിന്റെ നിരക്ക് GST സഹിതമാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെട്ട SS1 Emulsion, Emulsion RS1 Packed, Bitumen VG30 Packed എന്നിവയുടെ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ താഴെ ചേർക്കുന്ന പ്രവൃത്തികൾക്ക് മേൽ വിവരിച്ച കാരണങ്ങൾ കൊണ്ടുതന്നെ 01.11.17 ലെ സ. ഉ(പി)നം. 87/17/തസ്വഭവ ഉത്തരവ് പ്രകാരം നിശ്ചയിച്ച GST Compensation ന് അർഹതയില്ലാത്തതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 162/20 |
| പ്രൊജക്റ്റ് | ചന്ദ്രൻനായർപടി റോഡ് ടാറിങ്ങ് വാർഡ് 6 |
| സാങ്കേതികാനുമതി | 46040/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/40913 Dtd.16.06.18 |
| സാങ്കേതികാനുമതി തുക | 4,00,000 രൂപ |
| കരാറുകാരൻ | ശ്രീ. എ. വി. അബ്ദുൾഖാദർ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9.89% കുറവ് |
| കരാർ ഉടമ്പടി | 20/AE/LSGD/VVR/18-19 Dtd.03.09.18 |
| എം.ബുക്ക് | 60/18-19 |
| വൗച്ചർ നമ്പർ, തുക | 21900447/05.07.19 = 3,52,143 ( MG R ) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 376074.62 |
| Limited To (നിജപ്പെടുത്തിയത്) | 342689 |
| (+) GST Compensation | 9454 |
| ആകെ | 352143 |
| (-) ആദായനികുതി 1% | 3427 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 3427 |
| | |

| | |
|---|---|
| (-) CGST 1% | 3427 |
| (-) SGST 1% | 3427 |
| കരാറുകാരന് നൽകിയത് | 338435 |

2)

| | |
|---|---|
| പ്രൊജക്റ്റ് നംപർ | 161/20 |
| പ്രൊജക്റ്റ് | രാമൻകുളം അച്ചത്പടി റോഡ് ടാറിങ്ങ് |
| സാങ്കേതികാനുമതി | 51109/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/40888 Dtd.22.06.18 |
| സാങ്കേതികാനുമതി തുക | 3,92,000 രൂപ |
| കരാറുകാരൻ | ശ്രീ. എ. വി. അബ്ദുൾഖാദർ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9.89% കുറവ് |
| കരാർ ഉടമ്പടി | 19/AE/LSGD/VVR/18-19 Dtd.03.09.18 |
| എം.ബുക്ക് | 65/18-19, 260/18-19, 269/18-19 |
| വൗച്ചർ നംപർ, തുക | 21900446/05.07.19 = 3,47,496 ( MG R ) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 377826.22 |
| (-) ടെണ്ടർ കിഴിവ് (9.89%) | 37367 |
| ബാക്കി | 340459 |
| (+) GST Compensation | 7037 |
| ആകെ | 347496 |
| (-) ആദായനികുതി 1% | 3405 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 3405 |
| (-) CGST 1% | 3405 |
| (-) SGST 1% | 3405 |
| കരാറുകാരന് നൽകിയത് | 333876 |

3)

| | |
|---|---|
| പ്രൊജക്റ്റ് നംപർ | 159/20 |
| പ്രൊജക്റ്റ് | പുത്തൻപീടികയിൽ അബൂബക്കർ റോഡ് ടാറിങ്ങ് |
| സാങ്കേതികാനുമതി | 52228/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/40916 Dtd.23.06.18 |
| സാങ്കേതികാനുമതി തുക | 3,00,000 രൂപ |
| കരാറുകാരൻ | ശ്രീ. റെനീഷ്. പി. ആർ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.75% കുറവ് |
| കരാർ ഉടമ്പടി | 32/AE/LSGD/VVR/18-19 Dtd.18.09.18 |
| എം.ബുക്ക് | 87/18-19 |
| വൗച്ചർ നംപർ, തുക | 21900977/29.01.20 = 2,71,918 ( MG R ) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 289314 |
| (-) ടെണ്ടർ കിഴിവ് (8.75%) | 25314.98 |
| ബാക്കി | 263999 |
| | |

| | |
|---|---|
| (+) GST Compensation | 7919 |
| ആകെ | 271918 |
| (-) ആദായനികുതി 1% | 2640 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 2640 |
| (-) CGST 1% | 2640 |
| (-) SGST 1% | 2640 |
| കരാറുകാരന് നൽകിയത് | 261358 |

4)

| | |
|---|---|
| പ്രൊജക്റ്റ് നംപർ | 165/20 |
| പ്രൊജക്റ്റ് | എട്ടമാറ്റ് കോഴിക്കുന്ന് റോഡ് ടാറിങ്ങ് |
| സാങ്കേതികാനുമതി | 52162/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/42083 Dtd.23.06.18 |
| സാങ്കേതികാനുമതി തുക | 8,50,000 രൂപ |
| കരാറുകാരൻ | ശ്രീ. ബിജു. എം. എം |
| കരാർ നിരക്ക് | 712529.72 |
| കരാർ ഉടമ്പടി | 38/AE/LSGD/VVR/18-19 Dtd.29.10.18 |
| എം.ബുക്ക് | 53/18, 301/18-19 |
| വൗച്ചർ നംപർ, തുക | 21900474/16.08.19 = 7,33,905 ( MG R ) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 712530 |
| (+) GST Compensation | 21375 |
| ആകെ | 733905 |
| (-) ആദായനികുതി 1% | 7126 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 7126 |
| (-) CGST 1% | 7126 |
| (-) SGST 1% | 7126 |
| കരാറുകാരന് നൽകിയത് | 705401 |

മേൽ വിവരിച്ച വിവിധ പ്രവൃത്തികൾക്കായി ആകെ 45785 രൂപ( 9454+7037+7919+21375) ഇപ്രകാരം GST Compensation ഇനത്തിൽ അനുവദിച്ച നൽകിയത് ക്രമത്തിലല്ല. ആയതിനാൽ 45785 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 16/28.06.21)

## 1-30 ടെണ്ടർ കിഴിവ് വരുത്താതെ ഫൈനൽ ബിൽ അനുവദിച്ചു - അധിക ചെലവ്

| | |
|---|---|
| പ്രൊജക്റ്റ് നംപർ | 162/20 |
| പ്രൊജക്റ്റ് | ചന്ദ്രൻനായർപടി റോഡ് ടാറിങ്ങ് വാർഡ് 6 |
| സാങ്കേതികാനുമതി | 46040/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/40913 Dtd.16.06.18 |
| സാങ്കേതികാനുമതി തുക | 4,00,000 രൂപ |
| കരാറുകാരൻ | ശ്രീ. എ. വി. അബ്ദുൾഖാദർ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9.89% കുറവ് |
| കരാർ ഉടമ്പടി | 20/AE/LSGD/VVR/18-19 Dtd.03.09.18 |
| എം.ബുക്ക് | 60/18-19 |
| വൗച്ചർ നംപർ, തുക | 21900447/05.07.19 = 3,52,143 ( MG R ) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 376074.62 |
| Limited To (നിജപ്പെടുത്തിയത്) | 342689 |
| (+) GST Compensation | 9454 |
| ആകെ | 352143 |
| (-) ആദായനികുതി 1% | 3427 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 3427 |
| (-) CGST 1% | 3427 |
| (-) SGST 1% | 3427 |
| കരാറുകാരന് നൽകിയത് | 338435 |

ഈ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ശ്രീ. എ. വി. അബ്ദുൾഖാദർ, എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9.89% കുറവ് നിരക്കിനാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ ടെണ്ടർ കിഴിവ് വരുത്താതെയാണ് മൂല്യനിർണ്ണയം നിജപ്പെടുത്തി തുക അനുവദിച്ചത്. ഇതിനു പുറമേ പ്രവൃത്തിയുടെ ഇനം 2-1, 2-2 എന്നീ ഇനങ്ങളിൽ തെറ്റായി രേഖപ്പെടുത്തിയ അളവുകൾ ബിൽ സ്ക്രൂട്ടിനിയിൽ ശരിയാക്കിയതായാണ് എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 9.3 എം$^3$ രേഖപ്പെടുത്തിയ ഇനം 2-1 എം. ബുക്കിൽ 7.792 എം$^3$ ആയും, 19.87 എം$^3$രേഖപ്പെടുത്തിയ ഇനം 2-2 എം. ബുക്കിൽ 18.206 എം$^3$ ആയും കറക്ഷൻ വരുത്തിയിരുന്നു. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളത് ഇനം 2-1 , ഇനം 2-2 എന്നിവ യഥാക്രമം 9.3 എം$^3$, 19.87 എം$^3$ എന്നീ അളവുകൾ പ്രകാരം തന്നെയാണ്. ഈ ഇനം പ്രവൃത്തികൾക്ക് യഥാക്രമം 228.38/ എം$^3$, 2634.24/എം$^3$ എന്നീ നിരക്കുകൾ നൽകിയാണ് ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളത്. ഇതു കാരണം ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ഇനം 2-1 ൽ 344.39 രൂപയും { (9.3 – 7.792) X 228.38/ എം$^3$ }, ഇനം 2-2 ൽ 4383.37 രൂപയും { (19.87 – 18.206) X 2634.24/എം$^3$ }അധികം ഉൾപ്പെട്ടിട്ടുണ്ട്. ഈ അപാകതകൾ കാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഫൈനൽ ബിൽ പ്രകാരം പരിഗണിച്ച ആകെ മൂല്യം | 376074.62 |
| (-) ഇനം 2-1 ൽ ഉൾപ്പെട്ട അധിക മൂല്യം | 344.39 |
| (-) ഇനം 2-1 ൽ ഉൾപ്പെട്ട അധിക മൂല്യം | 4383.37 |
| യഥാർത്ഥത്തിൽ പരിഗണിക്കേണ്ട മൂല്യം | 371346.86 |
| (-) ടെണ്ടർ കിഴിവ് 9.89% | 36726.2 |
| കരാറുകാരന് തുക അനുവദിക്കാൻ പരിഗണിക്കേണ്ട മൂല്യം | 334620.66 |
| കരാറുകാരന് തുക അനുവദിക്കാൻ പരിഗണിച്ച മൂല്യം | 342689 |
| അധികം | 8068.34 ~ 8068 |

ഈ അധിക ചെലവ് ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 15/28.06.21)

## 1-31 ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത് - ക്രമവിരുദ്ധം.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ളസംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയംഅനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി.17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA,SOR,NBC Guidelines,MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി.07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/ തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD,MORTH,MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

10.09.2015-ലെ ജി.ഒ.(ആർ.ടി)നം.1339/2015/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പിഡബ്ല്യുഡി ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ മാന്വൽ വ്യവസ്ഥ അനുസരിച്ചും, 2012ലെ പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2214

അനുസരിച്ചും, 04.09.2014ലെ സർക്കുലർ നം.10434/C3/2014/PWD അനുസരിച്ചും 15ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First Tier QC Testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഫയലിൽ രേഖയില്ല. ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ച നൽകിയതിന് ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമനംപർ | പ്രൊജക്ട് വിവരം | സാങ്കേതികാനുമതി നംപർ,തുക | കരാറുകാരൻ | ബിൽ വിവരം | ഫണ്ട് |
|---|---|---|---|---|---|
| 1 | 140/20<br>കൊറ്റപ്പുറം നടുവട്ടം റോഡ് റീ ടാറിങ്ങും കാന നിർമ്മാണവും (വാർഡ് 11, 12 ) | 73063/2017-18<br>Order No. LSGD/TS/2017-18/75799 Dtd. 24.09.17<br>17,60,000 രൂപ | ശ്രീ. ഒ. കെ. സാബു | വൌച്ചർ നംപർ 21900423/17.04.19 = 955497 രൂപ<br>വൌച്ചർ നംപർ 21900460/ 10.07.19 = 687836 രൂപ | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/28.06.21)

## 1-32 ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ച പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ട് കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് ( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം ( ചട്ടം 3 പ്രകാരം ) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ഉചിതമെന്ന് കരുതുന്ന പക്ഷം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം. 01/24.06.21)

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 ടെണ്ടർ കിഴിവ് വരുത്താതെ ഫൈനൽ ബിൽ അനുവദിച്ചു - അധിക ചെലവ്

| | |
|---|---|
| പ്രൊജക്ട് നംപർ | 162/20 |
| പ്രൊജക്ട് | ചന്ദ്രൻനായർപടി റോഡ് ടാറിങ്ങ് വാർഡ് 6 |
| സാങ്കേതികാനുമതി | 46040/18-19 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2018-19/40913 Dtd.16.06.18 |
| | |

| | |
|---|---|
| സാങ്കേതികാനുമതി തുക | 4,00,000 രൂപ |
| കരാറുകാരൻ | ശ്രീ. എ. വി. അബ്ദുൾഖാദർ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9.89% കുറവ് |
| കരാർ ഉടമ്പടി | 20/AE/LSGD/VVR/18-19 Dtd.03.09.18 |
| എം.ബുക്ക് | 60/18-19 |
| വൗച്ചർ നംപർ, തുക | 21900447/05.07.19 = 3,52,143 ( MG R ) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പാസ്സാക്കി നൽകിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | 376074.62 |
| Limited To (നിജപ്പെടുത്തിയത്) | 342689 |
| (+) GST Compensation | 9454 |
| ആകെ | 352143 |
| (-) ആദായനികുതി 1% | 3427 |
| (-) നിർമ്മാണതൊഴിലാളി വിഹിതം 1% | 3427 |
| (-) CGST 1% | 3427 |
| (-) SGST 1% | 3427 |
| കരാറുകാരന് നൽകിയത് | 338435 |

ഈ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ശ്രീ. എ. വി. അബ്ദുൾഖാദർ, എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9.89% കുറവ് നിരക്കിനാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ ടെണ്ടർ കിഴിവ് വരുത്താതെയാണ് മൂല്യനിർണ്ണയം നിജപ്പെടുത്തി തുക അനുവദിച്ചത്. ഇതിനു പുറമേ പ്രവൃത്തിയുടെ ഇനം 2-1, 2-2 എന്നീ ഇനങ്ങളിൽ തെറ്റായി രേഖപ്പെടുത്തിയ അളവുകൾ ബിൽ സ്ക്രൂട്ടിനിയിൽ ശരിയാക്കിയതായാണ് എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 9.3 എം$^3$ രേഖപ്പെടുത്തിയ ഇനം 2-1 എം. ബുക്കിൽ 7.792 എം$^3$ ആയും, 19.87 എം$^3$രേഖപ്പെടുത്തിയ ഇനം 2-2 എം. ബുക്കിൽ 18.206 എം$^3$ ആയും കറക്ഷൻ വരുത്തിയിരുന്നു. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളത് ഇനം 2-1 , ഇനം 2-2 എന്നിവ യഥാക്രമം 9.3 എം$^3$, 19.87 എം$^3$ എന്നീ അളവുകൾ പ്രകാരം തന്നെയാണ്. ഈ ഇനം പ്രവൃത്തികൾക്ക് യഥാക്രമം 228.38/ എം$^3$, 2634.24/എം$^3$ എന്നീ നിരക്കുകൾ നൽകിയാണ് ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളത്. ഇതു കാരണം ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ഇനം 2-1 ൽ 344.39 രൂപയും { (9.3 – 7.792) X 228.38/ എം$^3$ }, ഇനം 2-2 ൽ 4383.37 രൂപയും { (19.87 – 18.206) X 2634.24/എം$^3$ }അധികം ഉൾപ്പെട്ടിട്ടുണ്ട്. ഈ അപാകതകൾ കാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഫൈനൽ ബിൽ പ്രകാരം പരിഗണിച്ച ആകെ മൂല്യം | 376074.62 |
| (-) ഇനം 2-1 ൽ ഉൾപ്പെട്ട അധിക മൂല്യം | 344.39 |
| (-) ഇനം 2-1 ൽ ഉൾപ്പെട്ട അധിക മൂല്യം | 4383.37 |
| യഥാർത്ഥത്തിൽ പരിഗണിക്കേണ്ട മൂല്യം | 371346.86 |
| (-) ടെണ്ടർ കിഴിവ് 9.89% | 36726.2 |
| കരാറുകാരന് തുക അനുവദിക്കാൻ പരിഗണിക്കേണ്ട മൂല്യം | 334620.66 |
| കരാറുകാരന് തുക അനുവദിക്കാൻ പരിഗണിച്ച മൂല്യം | 342689 |
| അധികം | 8068.34 ~ 8068 |

ഈ അധിക ചെലവ് ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 15/28.06.21)

# ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 16483 | ലൈഫ് ഭവന പദ്ധതി | 0 | 16483 |
| ജില്ലാ പഞ്ചായത്ത് | 50000 | ക്ഷീര വികസനം | 16266 | 33734 |
| ജില്ലാ പഞ്ചായത്ത് | 200000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വടക്കാഞ്ചേരി | 300000 | ക്ഷീര വികസനം | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വടക്കാഞ്ചേരി | 275000 | 1 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 220700 | 54300 |
| ബ്ലോക്ക് പഞ്ചായത്ത് വടക്കാഞ്ചേരി | 600000 | നെൽകൃഷി വികസനം | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വടക്കാഞ്ചേരി | 100000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 400000 | 600000 |
| ബ്ലോക്ക് പഞ്ചായത്ത് വടക്കാഞ്ചേരി | 1500000 | ലൈഫ് ഭവന പദ്ധതി(എസ്.സി) | 0 | 1500000 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB ദേശമംഗലം | 199/20 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900716/29-01-20 | 24556 | 24556 |
| KSEB ദേശമംഗലം | 199/20 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900717/29-01-20 | 6205 | 6205 |
| KSEB കുണ്ടന്നൂർ | 199/20 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900821/10-02-20 | 28757 | 28757 |
| GWD | 178/20 വിവിധ കുടിവെള്ളപദ്ധതികളിൽ അധിക തുക ഡെപ്പോസിറ്റ് | 21900476/21.08.19 | 115000 | 0 |
| GWD | 55/20 കുടിവെള്ളപദ്ധതികൾ ഡെപ്പോസിറ്റ് പ്രവൃത്തി | 21900850/30.12.19 | 3,00,000 | 0 |
| KWA | 180/20 കുടിവെള്ളപദ്ധതി-വനിതാ പരിശീലന കേന്ദ്രം | 21900852/31.12.19 | 25,000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ ലൈഫ് പദ്ധതി | - | - | 3578167 | 1360000 | 503461 | - | 4434706 |

## 4-5 സ്ഥിര നിക്ഷേപം

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| 3 | ആകെ | 1000 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000 |

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം. /തീയതി |
|---|---|---|---|---|---|
| 1 | 2016-17 | ഖ 2-2 | 339/- | വിജയൻ കലൊടി വീട് | 119040100846/ 22-06-19 |
| 2 | 2016-17 | ഖ 2-2 | 321/- | മുഹമ്മദ് ആനക്കല്ലിങ്ങൽ | 119040100858/ 22-06-19 |
| 3 | 2015-16 | ഖ2-11 | 426/- | ജയൻ & ശ്രീജിത അയ്യപ്പൻകാട്ടിൽ | 119040100858/ 22-06-19 |
| 4 | 2015-16 | ഖ2-11 | 625/- | കുഞ്ഞുമൊയ്തു വെള്ളുത്തവളപ്പിൽ | 119040100875/ 25-06-19 |
| 5 | 2014-15 | ഖ2-1ബി | 2500 | സിന്ധു.എ.ബി. വരവൂർ | 119040101530/ 23-09-19 |
| 6 | 2014-15 | ഖ2-1ബി | 2500 | അയൂബ്, കടന്നെപ്പൊറ്റ | 119040101531/ 24-09-19 |
| 7 | 2014-15 | ഖ2-1ബി | 900 | അമ്മാനള്ള ചെട്ടിയാരിത്തൊടി | 119040101538/ 24-09-19 |
| 8 | 2014-15 | ഖ2-1ബി | 900 | ശ്രീധര വാര്യർ, സതിസദനം | 119040101540/ 25-09-19 |
| 9 | 2014-15 | ഖ2-1സി | 2500 | ടി.എ.യൂസഫ്, താഴത്തേതിൽ | 119040101548/ 25-09-19 |
| 10 | 2014-15 | ഖ2-1ബി | 900 | വൈശാഖ്.എസ്. കാരാഞ്ചിറ | 119040101549/ 25-09-19 |
| 11 | 2015-16 | ഖ2-11 | 571 | സുമതി നായർ,ചെമ്പത്ത് തെക്കേതിൽ | 119040100949/ 05-07-19 |
| 12 | 2015-16 | ഖ2-11 | 352 | രമണി തച്ചോത്ത് | 119040101269/ |

| | | | | | |
|---|---|---|---|---|---|
| | | | | | 19-08-19 |
| 13 | 2014-15 | ഖ2-1 | 1200 | സെക്രട്ടറി, തിച്ചൂർ കോ.ഓപ്പ്. മിൽക്ക് സൊസൈറ്റി | 960436100009/14.10.19 |
| 14 | 2014-15 TO 2018-19 | ഖ2-2 | 12500 | എ.എക്സ്.ഇ.കെ.എസ്.ഇ.ബി. | 119040500011/ 28-11-19 |
| 15 | 2014-15 | ഖ2-1 | 1200 | സെക്രട്ടറി, കോ.ഓപ്പ്.മിൽക്ക് സൊസൈറ്റി | 960436100010/14.10.19 |
| | | ആകെ | 27734 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57178746 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50768110 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8068 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 756160 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8068 | ശ്രീന. എസ്.എൻ. അസി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 710375 | ശ്രീന.എസ്.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 9454 | ശ്രീന.എസ്.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 7037 | ശ്രീന.എസ്.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 21375 | ശ്രീന.എസ്.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 7919 | അജി |

| | | |
|---|---|---|
| | | ഫ്രാൻസിസ്.അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 756160 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 3-1 | 8068 | ശ്രീന.എസ്.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | ഇ1, അളകനന്ദ റെസിഡൻസി, അയ്യന്തോൾ ചുങ്കം, അയ്യന്തോൾ(പി.ഒ) തൃശ്ശൂർ - 680 003 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 82-83 | എൽ.എഫ്.ടി.എസ്.2- 794/11 |
| 83-84 | എൽ.എഫ്.ടി.എസ്.2- 794/11 |
| 84-85 | എൽ.എഫ്.ടി.എസ്.2- 794/11 |
| 85-86 | എൽ.എഫ്.ടി.എസ്.2- 794/11 |
| 86-87, 87-88 | എൽ.എഫ്.ടി.എസ്.2- 794/11 |
| 88-89, 89-90 | എൽ.എഫ്.ടി.എസ്.2- 794/11 |
| 90-91<br>91-92 | എൽ.എഫ്.ടി.എസ്.2- 794/11 |
| 92-93, 93-94 | എൽ.എഫ്.ടി.20-13-300-93/ 23.11.93 |
| 96-97 | എൽ.എഫ്.ടി.20- 314-98, 11.08.98 |
| 97-98 | എൽ.എഫ്.ടി.20-10-2000, 20.05.08 |
| 98-99 | എൽ.എഫ്.ടി.20-597-2000, 26.09.2000 |
| 99-2000 | എൽ.എഫ്.ടി.17-1689/02/ 23.01.03 |
| 2000-01 | എൽ.എഫ്.ടി.17-691/04/ 09.12.04 |
| 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.17-1440/03/ 01.03.04 |
| 2001-02 | എൽ.എഫ്.ടി.17-690/04/ 09.12.04 |
| 2002-03 | എൽ.എഫ്.ടി.17-1222/08/ 29.08.09 |
| 2003-04 | എൽ.എഫ്.ടി.17-1047/08/ 29.08.09/13.10.09 |
| 2004-05 | എൽ.എഫ്.ടി.17-66/09/ 25.05.10 |
| 2005-06 | എൽ.എഫ്.ടി.17-320/10/ 17.09.10 |
| 2006-07 | എൽ.എഫ്.ടി.17-321/10/ 17.09.10, 19.10.11 |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി.(പി.1)-1661/12/ 05.02.13 |
| 2011-12 | എൽ.എഫ്.ടി.(പി.5)-1723/13/ 05.02.14 |
| 2012-13 | എൽ.എഫ്.ടി.(പി.5)-1922/14/ 16.04.15/04.06.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-191/15/ 18-02-16/14-03-16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-1195/16 തീ. 22.07.16/28.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-2207/16 തീ. 16.01.17/21.02.17 |
| 2016-17 | |

| | |
|---|---|
| | കെ.എസ്.എ.ടി.എസ്.ആർ(പി5)1432/2017<br>തീ :13.09.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി5)1589/2018<br>തീ :07.12.2018 |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ(പി5)330/2019<br>തീ :11.05.2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തൃശ്ശൂർ ജില്ലയിലെ വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്